# ജി.യു.പി.എസ് അരുണാട്ടുകര



## സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം അത്യന്തം പ്രൗഢഗംഭീരമായ ചടങ്ങുകളോട് കൂടി ജി.യു.പി.എസ് അരുണാട്ടുകരയിൽ സംഘടിപ്പിച്ചു. ആഗസ്റ്റ് 10 മുതൽ 15 വരെയുള്ള ദിവസങ്ങളിലായി നടത്തിവന്ന ചടങ്ങുകൾക്ക് പ്രധാനധ്യാപിക ശ്രീമതി ജാൻസി ടീച്ചർ നേതൃത്വം നൽകി. ക്ലാസ് അധ്യാപകരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾ പരിപാടികളിൽ പങ്കുചേർന്നു. സ്കൂളിൽ ഒരുക്കിയ "സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ്" ചാർത്തൽ പരിപാടിയിൽ കുട്ടികളോടൊപ്പം രക്ഷിതാക്കളും തൃശ്ശൂർ URC യിലെ അംഗങ്ങളും പങ്കുചേർന്നു. പ്രധാന അധ്യാപിക ശ്രീമതി ജാൻസി ടീച്ചർ അധ്യക്ഷയായ ചടങ്ങിൽ തൃശ്ശൂർ URC BPC ശ്രീ ജയ്സൺ മാസ്റ്റർ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

ക്ലാസ് റൂമുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമര നേതാക്കൾ, സ്വാതന്ത്ര്യസമര സന്ദർഭങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രരചന, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിച്ചു. തുടർന്ന് സ്വാതന്ത്ര്യദിന ക്വിസ് മത്സരം നടത്തി. വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികൾ തയ്യാറാക്കിയ ചിത്രങ്ങളും പോസ്റ്ററുകളും അലങ്കാരവസ്തുക്കളും ഉപയോഗിച്ച് സ്വതന്ത്ര മരം അലങ്കരിച്ചു. ഹർ ഘർ തിരംഗ പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ത്രി വർണ്ണ പതാക നൽകി. ഇന്ത്യൻ ഭരണഘടനയോടുള്ള ആദരസൂചകമായി 'ഭരണഘടനയുടെ

ആമുഖം' സ്കൂൾ വിദ്യാർത്ഥിയായ മാസ്റ്റർ ആൽവിൻ കെ എം വിദ്യാർത്ഥികൾക്ക് മുന്നിൽ അവതരിപ്പിച്ചു.

സ്വാതന്ത്ര്യ ദിനത്തിൽ രാവിലെ പ്രധാന അധ്യാപിക ശ്രീമതി ജാൻസി ടീച്ചർ ദേശീയ പതാക ഉയർത്തി. വിദ്യാർത്ഥികൾ ഈ അവസരത്തിൽ ദേശഭക്തി ഗാനാലാപനം നടത്തി. ദേശീയ സമര നേതാക്കളോടുള്ള ആദരസൂചകമായി ത്രിവർണ പതാകയെ സല്യൂട്ട് ചെയ്തു. തുടർന്ന് പ്രധാനധ്യാപിക സ്വാതന്ത്ര്യദിന സന്ദേശം വിദ്യാർത്ഥികൾക്ക് നൽകി. വിശിഷ്ടാതിഥിയായി എത്തിച്ചേർന്ന തൃശ്ശൂർ URC BPC ശ്രീ ജയ്സൺ മാസ്റ്റർ സ്വാതന്ത്ര്യ ദിന പ്രഭാഷണം നടത്തി പിടിഎ പ്രസിഡൻറ് ശ്രീ. ജോമോൻ ചിറ്റിലപ്പിള്ളി, URC ട്രെയിനർ ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ, ലയൺസ് ക്ലബ് പ്രസിഡൻറ് ശ്രീ രാമകൃഷ്ണ മേനോൻ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ശ്രീമതി ബീന ടീച്ചർ ഗാന്ധി മരം നട്ടു. സ്വാതന്ത്ര്യ ദിനത്തിൽ പങ്കുചേരുന്നതിനായി വിദ്യാർത്ഥികൾ സ്വതന്ത്ര സമര സേനാനികളുടെ വേഷത്തിൽ എത്തിച്ചേർന്നിരുന്നു. മഹാത്മാഗാന്ധി, ഡോ. ബി.ആർ. അംബേദ്കർ, ഭഗത് സിംഗ്, ഝാൻസി റാണി, സരോജിനി നായിഡു എന്നിവരുടെ വേഷത്തിൽ കുട്ടികൾ എത്തിച്ചേർന്നത് എല്ലാവരും അത്യന്തം പ്രൗഡി ഉണർത്തി. വിദ്യാർത്ഥികൾ ദേശഭക്തി ഉണർത്തുന്ന രീതിയിലുള്ള ഗാനാലാപനങ്ങൾ നടത്തുകയും ഏഴാം ക്ലാസ് വിദ്യാർത്ഥിയായ മാസ്റ്റർ ആൽവിൻ കെ. എം. സ്വാതന്ത്ര്യ ദിനത്തെക്കുറിച്ച് വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു. തുടർന്ന് സ്കൂളിൽ വിദ്യാർഥികൾക്കായി ഒരുക്കിയ മധുരം വിതരണം ചെയ്തു. കുട്ടികൾക്ക് ഇരട്ടിമധുരവുമായി തൃശൂർ URC യും ലയൺസ് ക്ലബ് അംഗങ്ങളും എത്തിച്ചേർന്നിരുന്നു. അവർ കുട്ടികൾക്കായി നോട്ടുപുസ്തകങ്ങളും വിതരണം ചെയ്തു. അതിനുശേഷം റോഡിലിറങ്ങി സ്വാതന്ത്ര്യദിന റാലി നടത്തി. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒപ്പം രക്ഷിതാക്കളും അംഗങ്ങളും ലയൺസ് ക്ലബ് പ്രതിനിധികളും പങ്കുചേർന്നു. അത്യന്തം പ്രൗഢഗംഭീരമായ ചടങ്ങുകളോട് കൂടി സ്വാതന്ത്ര്യ ദിന ആഘോഷം നടന്നു.




















